**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 268** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>റേഷൻ വിതരണം സുഗമമാക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സജീവ് ജോസഫ്

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. പഴകുളം മധു

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** റേഷൻ കടകളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും റേഷൻ വിതരണവുമായി ബന്ധപ്പെട്ട പരാതികളിൽ അന്വേഷണം നടത്തുന്നതിനും എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** റേഷൻ കടകളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും ഗുണഭോക്താക്കൾക്ക് അർഹമായ റേഷൻ കൃത്യമായ അളവിലും നിരക്കിലും ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനുമായി പരിശോധന, സാങ്കേതിക നിരീക്ഷണം, Vigilance Committee, Grievance Redressal എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ റേഷൻ കടകളിൽ നിരന്തര പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടെത്തി KTPDS (Control) Order, 2021 പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. ആധാർ അധിഷ്ഠിത e-Pos സംവിധാനവും AePDS പോർട്ടലും മുഖേന റേഷൻ വിതരണ ഇടപാടുകളും NFSA, 2013 പ്രകാരം രൂപീകരിച്ച വിവിധ തലങ്ങളിലെ Vigilance Committees മുഖേന റേഷൻ വിതരണവും, നിരീക്ഷിച്ചുവരുന്നു. Grievance Redressal സംവിധാനം മുഖേന റേഷൻ വിതരണവുമായി ബന്ധപ്പെട്ട പരാതികളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിച്ച് തീർപ്പാക്കിവരുന്നു. കൂടാതെ തൂക്കത്തിൽ കൃത്യത വരുത്തുന്നതിനായി e-Pos സംവിധാനവുമായി ഇലക്ട്രോണിക് ത്രാസ് ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്.

**(ബി)** റേഷൻ കടകളിലെ തൂക്കക്കുറവ് തടയാൻ ഇലക്ട്രോണിക് തൂക്ക ഉപകരണങ്ങളുടെ ഉപയോഗം നിർബന്ധമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഭക്ഷ്യധാന്യങ്ങളുടെ സംഭരണം മുതൽ റേഷൻ കടകളിലെ വിതരണം വരെ പൂർണ്ണമായും ട്രാക്ക് ചെയ്യാനുള്ള സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. സപ്ലൈകോ വഴി നടപ്പിലാക്കിയിട്ടുള്ള ജി.പി.എസ്. അധിഷ്ഠിത Vehicle Tracking and Fleet Management System (VTFMS) മുഖേന FCI ഗോഡൗണുകളിൽ നിന്നും CMR മില്ലുകളിൽ നിന്നും NFSA ഗോഡൗണുകളിലേക്കും അവിടെ നിന്ന് റേഷൻ കടകളിലേക്കും ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ നീക്കം നിരീക്ഷിക്കുന്നുണ്ട്.

**(സി)** റേഷൻ കടകളിലും സപ്ലൈകോ ഔട്ട്‌ലെറ്റുകളിലും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഉള്ളത് എന്ന്

വ്യക്തമാക്കാമോ?

**<u>മറുപടി:</u>** റേഷൻ കടകൾ, സപ്ലൈകോ ഔട്ട്‌ലെറ്റുകൾ, മാവേലി സ്റ്റോറുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരവും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങളുടെ പാലനവും ഉറപ്പ് വരുത്തുന്നതിനായി കർശനമായ ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്.

റേഷൻ കടകളിൽ വിതരണത്തിനായി FCI/CMR മില്ലുകളിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ FCI, Supplyco എന്നിവയിലെ ക്വാളിറ്റി കൺട്രോൾ വിഭാഗങ്ങളുടെയും താലൂക്ക് സപ്ലൈ ഓഫീസർമാരുടെയും സംയുക്ത പരിശോധനയ്ക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പാക്കിയ ശേഷമാണ് സ്റ്റോക്ക് സ്വീകരിക്കുന്നത്. എല്ലാ റേഷൻ കട ലൈസൻസികൾക്കും FSSAI രജിസ്ട്രേഷൻ ഉറപ്പാക്കിയിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം, അളവ്/തൂക്കം, വിതരണം എന്നിവ സംബന്ധിച്ച പരാതികളിന്മേൽ ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ Grievance Redressal സംവിധാനം മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു.

സപ്ലൈകോ ഔട്ട്‌ലെറ്റുകൾ മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ എല്ലാ ജില്ലയിലും ഗുണനിലവാര പരിശോധനാ ഓഫീസർമാർ ഗുണനിലവാര പരിശോധനകൾക്ക് നേതൃത്വം നൽകുന്നുണ്ട്. സപ്ലൈകോ വാങ്ങുന്ന മാവേലി, നോൺ മാവേലി സാധനങ്ങൾക്കെല്ലാം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഈ സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉള്ളതാണെന്ന് ഉറപ്പു വരുത്തിയ ശേഷമാണ് സ്വീകരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**